Vol.21
Issue - 36
12 March 2017

# എമ്മാവൂസ് വചനദൂത്

നോമ്പുകാലം 3-ാം ഞായർ മത്തായി 20:17-28




ബ്ര. വിൻസന്റ് ഇടക്കരോട്ട്

ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചന ദ്രവ്യമായി സ്വജീവൻ കൊടുക്കാനും വന്നവനാണ് ക്രിസ്തു. മോചനദ്രവ്യമാകുവാൻ ജറുസലേമിലേക്കുള്ള യാത്ര. യാത്രക്കിടയിൽ സ്വന്തം പീഢാനുഭവത്തെക്കുറിച്ച് മൂന്നാമതായി ഒരു പങ്കുവയ്പ്പ് കൂടി നടത്തി. ഇത് കേട്ടോ, കേൾക്കാതെയോ സെബദിപുത്രന്മാർ അമ്മയെയും കൂട്ടി ഇടതും വലതും സ്ഥാനം അന്വേഷിക്കുന്നു. ഉള്ളിൽ അമർഷം കൊള്ളുന്ന ബാക്കി 10 പേർ. ഇവരുടെ മധ്യേനിന്ന് 'ജീവിതം ശുശ്രൂഷയാക്കാമോ' എന്ന് ക്രിസ്തു ചോദിക്കാതെ ചോദിക്കുകയാണ്.

ശുശ്രൂഷകൾ എന്നും ബഹുമാനിക്കപ്പെടുന്നു. അത് ഏത് കാലത്തും മഹത്വമുള്ളതായി നാം കാണപ്പെടുന്ന ഒരു യാഥാർത്ഥ്യമാണ്. ശുശ്രൂഷ സ്നേഹത്തിന്റെ പ്രവർത്തിയാണ്. സ്നേഹം കർമ്മ ധരിക്കുമ്പോൾ അത് ശുശ്രൂഷയാകുന്നു. അപ്പോൾ ശുശ്രൂഷിക്കുകയെന്നാൽ സ്നേഹിക്കുക എന്നർത്ഥം. മറിച്ചുചിന്തിച്ചാൽ സ്നേഹിക്കുകയെന്നാൽ ശുശ്രൂഷിക്കുകയെന്നർത്ഥം.

സ്വർഗ്ഗത്തിലെയും ഭൂമിയിലെയും ഏറ്റവും വലിയവൻ ഏറ്റവും ചെറിയ ദാസനായി ഭൂമിയിൽ വന്നു. ഭാവങ്ങളും മേന്മകളും സ്വന്തമാക്കാതെ ഭൂമിയിൽ ചെയ്തത് ശുശ്രൂഷകൾ മാത്രം. എന്നിട്ടും അവൻ ദൈവമായി, ഏറ്റവും വലിയവനായി അന്നും ഇന്നും എന്നും തുടരുന്നു. അത് ശുശ്രൂഷയിലൂടെയാണ് അവൻ സാധ്യമാക്കിയത്.

ക്രിസ്തുവിന്റെ ഈ ശുശ്രൂഷയുടെ ഭാവങ്ങൾ വിവിധങ്ങളാണ്. അവയെ തങ്ങളുടെ ജീവിതത്തിൽ ഉൾക്കൊണ്ടവരാണ് ലോകത്തിൽ കാണപ്പെടുന്ന വിശുദ്ധരായ മഹത്വ്യക്തികൾ. അൾത്താരയിൽ വണങ്ങുന്ന എല്ലാ വിശുദ്ധരും ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ഭാവങ്ങൾക്കനുസരിച്ച് ജീവിതത്തെ കെട്ടിപ്പടുത്തവനാണ്.

എന്നും ഒരു ഓർമ്മയായി തീരുവാൻ ക്രിസ്തു നൽകിയ മാർഗ്ഗവും ഈ ശുശ്രൂഷ തന്നെ. അന്ത്യത്താഴത്തിൽ ഒരു കാൽകഴുകൽ ശുശ്രൂഷ, ഒടുവിലായി ഒരു അപ്പം മുറിക്കൽ ശുശ്രൂഷ. ശുശ്രൂഷയിലൂടെ നമുക്ക് മാതൃകയായവൻ ഓർമ്മയായ് എന്നും നിത്യവും നമ്മോടുകൂടെ വിശുദ്ധ കുർബാനയായ് വസിക്കുന്നു എന്നത് ഓരോ ക്രൈസ്തവന്റെയും ബലമാണ്. ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും തളരാതിരിക്കാൻ അവനോട് ചേർത്ത് ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകുവാൻ നമുക്ക് സാധിക്കണം.

ഇനിയെന്റെ ഊഴം. എന്റെ ജീവിതം ശുശ്രൂഷയാക്കാമോ? കുടുംബത്തിൽ അപ്പൻ അമ്മയെയും അമ്മ അപ്പനെയും മാതാപിതാക്കൾ മക്കളെയും മക്കൾ മാതാപിതാക്കളെയും അയൽപ്പക്കക്കാർ പരസ്പരവും ശുശ്രൂഷിക്കാൻ തുടങ്ങിയാൽ, അധ്യാപകൻ കുട്ടികളെയും കുട്ടികൾ മുതിർന്നവരെയും നേതാക്കന്മാർ സമൂഹത്തെയും രാഷ്ട്രത്തെയും ശുശ്രൂഷിക്കാൻ തുടങ്ങിയാൽ ഈ ജീവിതം എത്ര സുന്ദരമാകും. ഈ ഭൂമിയിൽ സ്വർഗ്ഗം വിരിയും. ഭൂമിയിൽ സ്വർഗ്ഗം വിരിയിക്കുക എന്നത് ഒരു ക്രിസ്തു ശിഷ്യന്റെ ജീവിത ദൗത്യമാണ്. ഈ ദൗത്യത്തിന്റെ ആദ്യപടി ശുശ്രൂഷയാണ്. അതിനാൽ നമ്മുടെ പ്രവർത്തികൾ ശുശ്രൂഷയാണ്. അത് നിസ്വാർത്ഥവും ആത്മാർത്ഥവും സ്നേഹപരവുമായിരിക്കണം.

നമ്മൾ ഒരുപാടു കാര്യങ്ങൾ പ്രവർത്തിച്ചും, ചെയ്തും കൂട്ടുന്നു. സംഘടിച്ചു ചേരുന്നു, പറഞ്ഞു തീർക്കുന്നു. ശരിയാണ് എല്ലാവരും ഒത്തിരി ചെയ്യുന്നുണ്ട്. പ്രഭാതം മുതൽ പ്രദോഷം വരെയും ചിലർ ഒത്തിരി കാര്യങ്ങൾ തന്നെ ചെയ്യുന്നു. ചിലർ ഉറക്കമില്ലാതെ പ്രവർത്തിക്കുന്നു. സന്തോഷമുണ്ടോ? സംതൃപ്തിയുണ്ടോ? ആനന്ദം ഉണ്ടോ? ചെയ്യുന്നതെല്ലാം ശുശ്രൂഷയാക്കിയാൽ ജീവിതത്തിൽ സന്തോഷവും സംതൃപ്തിയും സ്വന്തമായി ഉണ്ടാകും. അവിടെയാണ് ജീവിതത്തിന്റെ വലിപ്പവും മഹത്വവും തിരിച്ചറിയുവാൻ കഴിയുക. അതിനാൽ ജീവിതം ശുശ്രൂഷയാക്കാം. സ്നേഹം കർമ്മം ധരിക്കുന്ന ശുശ്രൂഷകൾ ചെയ്യാം. എല്ലാം ശുശ്രൂഷ വഴി സ്നേഹപൂർവ്വമാകട്ടെ. ജീവിതം സുന്ദരമാകാൻ 'ശുശ്രൂഷകനായി വന്ന ക്രിസ്തുവേ' എന്നെയും ഒരു ശുശ്രൂഷകനാക്കണമെയെന്ന് പ്രാർത്ഥിക്കാം. ◆




